(ബി) കേരള. എം. ജി. സർവ്വകലാശാലകളിൽ മുടങ്ങിപ്പോയ കലോത്സവങ്ങൾ നടത്തുന്നതിനായി സർക്കാർ എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സർവ്വകലാശാലകൾ നേരിട്ട് കലോത്സവം നടത്തുന്നതിനെപ്പറ്റി ആലോചിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കലോത്സവ വിജയികൾക്ക് ലഭ്യമാക്കാവുന്ന ഗ്രെയ്സ് മാർക്ക് ഉൾപ്പെടെയുള്ള സാധാരണ ആനുകൂല്യങ്ങൾ അവരുടേതല്ലാത്ത കാരണത്താൽ നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ പൂർണ്ണമാകാത്തതുകൊണ്ടാണ് യുവജനോത്സവങ്ങൾ മുടങ്ങിയത്.

(ബി) ഇല്ല.

(സി) തെരഞ്ഞെടുക്കപ്പെട്ട സർവ്വകലാശാലാ യൂണിയൻ മുഖാന്തരമാണ് ഇപ്പോൾ കലോത്സവങ്ങൾ നടന്നുവരുന്നത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നേരിട്ടാണ് കലോത്സവം സംഘടിപ്പിക്കുന്നത്. എം. ജി. സർവ്വകലാശാല ഇതിനെക്കുറിച്ച് ആലോചിച്ച് വരുന്നതേയുള്ളൂ. മറ്റ് യൂണിവേഴ്സിറ്റികളെപ്പറ്റിയുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

കേരള സർവ്വകലാശാലയിൽ ഹിന്ദി അദ്ധ്യാപകരായി നിയമനം ലഭിച്ചവർ

143 [2374] ശ്രീ. കെ. മുഹമ്മദാലി:
,, ടി. എൻ. പ്രതാപൻ:
,, എം. എം. ഹസ്സൻ:
,, എം. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഹിന്ദി അദ്ധ്യാപക നിയമനത്തിനായി കേരള സർവ്വകലാശാല 2003 ഫെബ്രുവരി 3-ന് അപേക്ഷ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ ഇതുപ്രകാരം എത്ര അപേക്ഷ ലഭിച്ചു;

(സി) ഇവരിൽ ആർക്കൊക്കെയാണ് നിയമനം നൽകിയതെന്നും, എത്രയെല്ലാം ഇനത്തിലുള്ള ബോണസ് മാർക്ക് ഇവർക്ക് നൽകിയെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ക്ഷണിച്ചിരുന്നു.

(ബി) 17 അപേക്ഷകൾ ലഭിച്ചു.

(സി) ഒന്നാം റാങ്ക് ലഭിച്ച ഡോ. കെ. പി. ജയയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. ഇൻറർവ്യൂവിന് ക്ഷണിച്ച 15 ഉദ്യോഗാർത്ഥികളിൽ ആർക്കും സെലക്ഷൻ കമ്മിറ്റി ബോണസ് മാർക്ക് നൽകിയിട്ടില്ലെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly